"ഭരണഭാഷ – മാതൃഭാഷ"
(കേരള സംസ്ഥാനം)
വ്യാവസായിക പരിശീലന വകുപ്പ്
ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ,
പി എം ജി, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം-695033,
ഇ മെയിൽ: cru.dttvpm@kerala.gov.in, ഫോൺ നമ്പർ : 0471-2303856

---

**അഡീഷണൽ ഡയറക്ടറുടെ നടപടിക്രമം**
**(നിലവിൽ: ഡി മനേക്ഷ് പ്രസാദ്)**

---

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ വിഭാഗം - ഐടിഐ പ്രവേശനം 2026 - പുതിയതായി ആരംഭിക്കുന്ന നെടുമങ്ങാട് ഐടിഐയിൽ അഡ്മിഷൻ ചുമതലകൾ നിർവഹിക്കുന്നതിന് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തികൊണ്ടും നിർദേശങ്ങൾ നൽകികൊണ്ടും ഉത്തരവാകുന്നു.

പരാമർശം :-
1. അഡീഷണൽ ഡയറക്ടറുടെ 18-07-2026 ലെ ഡി.റ്റി/2205/2026-ഐ4 നമ്പർ ഉത്തരവ്.
2. പ്രോസ്പെക്ട്സ് നമ്പർ - SCVET/02/2026.

---

**ഉത്തരവ് നമ്പർ DT/3757/2026-C1 തീയതി ,02-09-2026**

---

14.03.2026 തീയതിയിലെ സ ഉ (കൈ) നം.18/2026/തൊഴിൽ നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം, തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ കരിപ്പൂർ വില്ലേജിൽ പുതിയതായി ഐടിഐ ആരംഭിക്കുന്നതിനും, പ്രസ്തുത ഐടിഐയുടെ പ്രവർത്തനം ആരംഭിക്കുന്നതുവരെയുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് പരാമർശം (1) പ്രകാരം ഉദ്യോഗസ്ഥരെ നിയോഗിച്ച് കൊണ്ടും ഉത്തരവ് ആയിരുന്നു.

പരാമർശം (2) പ്രകാരം നെടുമങ്ങാട് ഐടിഐയിൽ അഡ്മിഷൻ നടത്തുന്നതിനുവേണ്ടി പ്രോസ്പെക്ട്സ് തയ്യാറാക്കുകയും, വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ, നെടുമങ്ങാട് ഐടിഐയിലെ അഡ്മിഷൻ പ്രക്രീയ സുഗമമായി നടത്തുന്നതിനായി, പ്രോസ്പെക്ട്സ് അനുസരിച്ചുള്ള അഡ്മിഷൻ നടപടികൾ സ്വീകരിക്കുന്നതിന് ആര്യനാട് ഐടിഐ പ്രിൻസിപ്പലിന് ചുമതലനൽകി കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ടി ഉദ്യോഗസ്ഥൻ നെടുമങ്ങാട് ഐടിഐയ്ക്കായി ലഭിച്ചിരിക്കുന്ന മുനിസിപ്പാലിറ്റിയുടെ കെട്ടിടത്തിൽ വച്ചും, ആര്യനാട് ഐടിഐയിൽ വച്ചും അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതും,



File No. DT/3757/2026-C1 (Computer No. 924054)
Generated from eOffice by RENJITH G R, JS (C)- DTTVPM, JS(C) DTTVPM, INDUSTRIAL TRAINING DEPARTMENT on 07/09/2026 03:12 PM

ഷെഡ്യൂൾ അനുസരിച്ചുള്ള മറ്റു നടപടിക്രമങ്ങൾ യാതൊരു പരാതിക്കും ഇട നൽകാത്ത വിധം ആര്യനാട് ഐടിഐയിൽ വെച്ച് നടത്തേണ്ടതുമാണ്. ഇതിലേക്കായി ആവശ്യമുള്ള ഉദ്യോഗസ്ഥരെ ആര്യനാട് ഐടിഐ പ്രിൻസിപ്പൽലിന്റെ അധികാരപരിധിയിൽ നിന്നും നിയോഗിക്കാവുന്നതാണ്. നെടുമങ്ങാട് ഐടിഐയുടെ ഭരണ നിർവഹണത്തിനായി പ്രിൻസിപ്പൽ തസ്തികയിൽ ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കുകയും, ടി ഉദ്യോഗസ്ഥൻ ചുമതലയേൽക്കുന്നവരെയും ടി സ്ഥാപനത്തിന്റെ അഡ്ഡീഷൻ സംബന്ധമായ ചുമതലകൾ ആര്യനാട് ഐടിഐ പ്രിൻസിപ്പലിൽ നിക്ഷിപ്തമായിരിക്കും.

**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

സ്വീകർത്താവ് :ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ് :

1. വാമനപുരം ഐടിഐ പ്രിൻസിപ്പൽ (നോഡൽ ഓഫീസർ)
2. ഐറ്റി സെൽ മാനേജർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. സ്റ്റോക്ക് ഫയൽ (സി1 സീറ്റ്)